# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2017 JULY Volume: 8 No: 1


## പീഡനങ്ങൾക്കു പിന്നിൽ സാത്താൻ: ഫ്രാൻസീസ് പാപ്പ



വത്തിക്കാൻ സിറ്റി: യേശു തന്റെ രക്തം ചിന്തി വീണ്ടെടുത്ത മനുഷ്യവംശത്തോടുള്ള വിദ്വേഷമാണ് ക്രൈസ്തവർക്കു നേരെയുള്ള പീഡനങ്ങളിലൂടെ സാത്താൻ പ്രകടമാക്കുന്നതെന്ന് മാർപാപ്പ. ഇരുപത്, ഇരുപത്തൊന്ന് നൂറ്റാണ്ടിലെ രക്തസാക്ഷികളുടെ അനുസ്മരണാർത്ഥം വി.ബർത്തലോമിയോ ദൈവാലയത്തിൽ നടന്ന പ്രാർത്ഥനകൾക്കിടയിൽ സന്ദേശം നൽകുകയായിരുന്നു മാർപാപ്പ. വിശ്വാസത്തിനുവേണ്ടി മരണം വരിച്ചവരുടെ സ്മരണ, സഭ രക്തസാക്ഷികളുടേതാണ് എന്ന ഓർമ്മപ്പെടുത്തലാണ്. പീഡനങ്ങളിലൂടെ കടന്നുപോകുന്നവർ കുഞ്ഞാടിന്റെ രക്തം വഴി വിശുദ്ധീകരിക്കപ്പെട്ടവർ എന്നാണ് വെളിപാടുപുസ്തകത്തിൽ രക്തസാക്ഷികളെക്കുറിച്ച് പറയുന്നത്. മരണം വരെയും ദൈവവുമായി അനുരഞ്ജനത്തിൽ കഴിഞ്ഞവരാണിവർ. വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിച്ച അവരുടെ സാക്ഷ്യം നമുക്ക് ദൈവാനുഗ്രഹം നേടിത്തരുന്നുവെന്നും മാർപാപ്പ പറഞ്ഞു.

# ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കും: മുഖ്യമന്ത്രി



തിരുവനന്തപുരം: സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ സർക്കാർ സംരക്ഷിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തൈക്കാട് ഗസ്റ്റ് ഹൗസിൽ ക്രൈസ്തവ മതമേലധ്യക്ഷന്മാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഗൗരവത്തോടെയാണ് കാണുന്നത്. തീരദേശപാത വരുന്നതിൽ ജനങ്ങൾക്ക് ആശങ്കവേണ്ട. ഇതുമായി ബന്ധപ്പെട്ടു ബുദ്ധിമുട്ടുണ്ടാകുന്നവരുടെ പ്രശ്നങ്ങൾ സർക്കാർ പരിഹരിക്കും. സ്ഥലം നഷ്ടപ്പെടുന്നവർക്കു തീരദേശത്തു തന്നെ താമസിക്കാൻ സംവിധാനമൊരുക്കും. സർക്കാർ എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

പരിവർത്തിത ക്രൈസ്തവരുടെ സംവരണപ്രശ്നം സംസ്ഥാന സർക്കാർ മാത്രം വിചാരിച്ചാൽ പരിഹരിക്കാനാവില്ലെന്നു മുഖ്യമന്ത്രി പറഞ്ഞു. ഇതിനു ഭരണഘടനാഭേദഗതിയിലൂടെ മാത്രമേ പരിഹാരം കാണാനാവൂ. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എങ്കിലും സംസ്ഥാന സർക്കാരിനു ചെയ്യാ

(ശേഷം പേജ് എട്ട്)

**പനിബാധിതരെക്കൊണ്ട് ആശുപത്രികൾ നിറയുമ്പോൾ രാവും പകലും പണിയെടുക്കുന്ന മാലാഖാമാരെ എല്ലാവർക്കും വേണം. രോഗികളുടെയും കൂടെയുള്ളവരുടെയും ദേഷ്യവും ആട്ടും തുപ്പും കൈയേറ്റവും ചെകിട്ടത്തടിയും മാത്രമല്ല തിരക്കിനിടയിൽ ഉള്ളുരുകി ഒന്നു കരയാൻപോലും ഇവർക്കാകുന്നുണ്ടോ? എന്നിട്ടും എല്ലാം മറന്ന് പുഞ്ചിരിക്കുന്ന മുഖവുമായി കൈയിൽ സിറിഞ്ചും മരുന്നും കുറിപ്പുകളുമായി മാത്രമല്ല ആശ്വാസവും സാന്ത്വനവുമായി ഓടിനടക്കുന്നവർക്ക് വെറും ഇരുപതിനായിരമല്ല ഈ നാടുതന്നെ തീറെഴുതിക്കൊടുത്താലും മതിയാവില്ല.**



# ഈ മാലാഖമാർ മനുഷ്യരാണ് ഇവർ നമ്മുടെ സ്വന്തം മക്കൾ

ക്രൈസ്തവ സമുദായത്തിന്റെ നിലപാടുകളല്ല, മനസാക്ഷിയുടെ സ്വരമാണ് ഞാനിവിടെ പങ്കുവെയ്ക്കുന്നത്. കാലങ്ങളായി സേവനത്തിന്റെ മറവിൽ നിരന്തരം ക്രൂശിക്കപ്പെടുന്ന മനുഷ്യരായ മാലാഖാമാരുടെ സങ്കടങ്ങൾക്കുമുമ്പിൽ മുഖംതിരിഞ്ഞുനിൽക്കാനാവില്ല. ഈ വൻ ചൂഷണത്തിനെതിരെ പൊതുസമൂഹം വിരൽ ചൂണ്ടാൻ തുടങ്ങിയിരിക്കുന്നത് മാറ്റത്തിന്റെ ശുഭലക്ഷണമായി കാണുന്നു.

*"നാട്ടിൽ പണിയും ബംഗാളിക്ക് ദിവസക്കൂലി 800, കാടും മേടും വെട്ടാൻ പോയാൽ അരിവാങ്ങിക്കാൻ കാശും കിട്ടും".* മുഷ്ടിചുരുട്ടി ആവേശംചോരാതെ കേരളത്തിലുടനീളം ഉയരുന്ന നേഴ്സുമാരുടെ മുദ്രാവാക്യങ്ങൾ കേൾക്കുന്നില്ലെന്നു നടിക്കാൻ മനഃസാക്ഷി മരവിക്കണം.

പിറന്നുവീണ മണ്ണിൽ മാന്യമായി ജോലിചെയ്തു ജീവിക്കുവാനുള്ള അവകാശത്തെ അട്ടിമറിക്കുന്ന അടിമത്വത്തിനെതിരെ ഉണർന്നെഴുന്നേറ്റ് സംസാരിക്കുവാൻ ആതുരശുശ്രൂഷാമേഖലയിലെ നേഴ്സുമാർ മുന്നോട്ടുവന്നിരിക്കുന്നു. ന്യായ അന്യായ വിസ്താരമെന്നതിലുപരി ഇവരുടെ നിസ്വാർത്ഥസേവനത്തിന്റെ അളവുകോലാണ് ഇന്നത്തെ പ്രശ്നങ്ങൾക്ക് ഉത്തരം നൽകേണ്ടത്. **ആരെയും ഏതിർക്കുവാനോ എതിർത്തുതോല്പിക്കുവാനോ അല്ല നേഴ്സുമാരുടെ സമരം. ജീവിക്കുവാനുള്ള അടിസ്ഥാന സൗകര്യത്തിനും ജീവനോപാധിക്കുമാണ്. ആശുപത്രികൾ അടച്ചുപൂട്ടണമെന്നോ രോഗികളെ വഴിയാധാരമാക്കണമെന്നോ ഇവർ ലക്ഷ്യംവെയ്ക്കുന്നില്ല.** മറിച്ച് ജോലിചെയ്തുകൊണ്ട് ഡ്യൂട്ടികഴിഞ്ഞെത്തുന്നവരാണ് ഇന്നലെവരെ സമരപ്പന്തലിൽ നിറഞ്ഞത്. സൂചനകളിലൂടെ സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽ തങ്ങളുടെ പ്രതിസന്ധികളും ദൈന്യതയും പ്രാരാബ്ധവും അവർ പങ്കുവയ്ക്കുകയായിരുന്നു. 2016 ജനുവരിയിൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്കരണം അട്ടിമറിക്കപ്പെട്ടപ്പോൾ മാസങ്ങൾക്കുമുമ്പേ നോട്ടീസ് നൽകിയും സൂചനസമരങ്ങൾ നടത്തിയുമാണ് പണിമുടക്കിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നതെന്ന വാദവും തള്ളിക്കളയാനാവില്ല. **ഒന്നുറപ്പിക്കാം, ഇത് ജീവിക്കാൻവേണ്ടിയുള്ള പോരാട്ടമാണ്. സാക്ഷരസമൂഹത്തെ വിഡ്ഢിവേഷംകെട്ടിച്ച് അടിമകളെപ്പോലെ കണക്കാക്കി മഹത്തായ തങ്ങളുടെ സേവനങ്ങളെ വിലപറഞ്ഞുവിൽക്കുന്നവർക്കെതിരെയുള്ള മുന്നറിയിപ്പ്. ആതുരശുശ്രൂഷാമേഖലയിൽ വൻ പൊളിച്ചെഴുത്തിനും അനീതിക്കുമെതിരെയുള്ള ധാർമ്മികതയുടെ നിലപാടിനും പച്ചക്കൊടി കാട്ടാതെ നിവൃത്തിയില്ല.**

**ആശുപത്രിയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിലുള്ള സമരങ്ങൾ പരിധികൾ കടന്ന് നാട് സ്തംഭിപ്പിക്കുന്ന വൻപ്രതിസന്ധിയിലെത്താതെ ഒത്തുതീർപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്.** സർക്കാർ ആശുപത്രികളുടെ ശോചനീയ അവസ്ഥകളും അസൗകര്യങ്ങളും പ്രവർത്തനവൈകല്യങ്ങളുമാണ് ജനങ്ങളെ സ്വകാര്യ ആശുപത്രികളിലെത്തിക്കുന്നത്. ഇതിന്റെ മറവിൽ വമ്പൻ ചികിത്സാ സൗകര്യങ്ങളുടെ പേരിലുള്ള

കഴുത്തറപ്പൻ സമീപനം വൻകിട കോർപ്പറേറ്റ് ആശുപത്രികൾ സ്വീകരിക്കുന്നുവെന്നത് വാസ്തവമാണ്. എന്നിട്ടോ ഇവിടങ്ങളിൽ ജോലി ചെയ്യുന്നവർക്കുള്ള വേതനവും തുച്ഛം. വളരെ



സങ്കീർണ്ണവും വൈകാരികവും ജീവൻ നിലനിർത്തുന്നതുമായ ഒരു ജീവകാരുണ്യ ആതുരശുശ്രൂഷാമേഖലയിൽ സേവനം ചെയ്യുന്ന ഒരു മനുഷ്യജീവിക്ക് ജീവിക്കുവാനുള്ള വേതനം നൽകുവാൻ മടിക്കുന്നവരുടെ പിടിവാശി അതിരുകടക്കുമ്പോൾ പൊതുസമൂഹം ഉണർന്നെഴുന്നേൽക്കുന്ന കാഴ്ച പ്രതീക്ഷയേകുന്നു.

നേഴ്സുമാരുടെ സമരത്തിന് പൊതുസമൂഹത്തിന്റെ പിന്തുണയോടൊപ്പം കോടതിവിധികളുടെ പിൻബലവുമുണ്ട്. സുപ്രീം കോടതി നിർദ്ദേശം നിലവിലുണ്ട്. അടിസ്ഥാനവേതനം 20,000 രൂപ വേണമെന്ന ആവശ്യത്തിനുപിന്നിൽ ഒട്ടേറെ ന്യായങ്ങളുമുണ്ട്. **വിറകുവെട്ടുന്നവരേയും മണ്ണിൽ പണിയെടുക്കുന്നവരെയും പെയിന്റടിക്കുന്നവരെയുംപോലെ നേഴ്സിനെ കാണുന്നത് ബാലിശമാണ്. കാരണം ദൈവത്തിന്റെ ദാനമായ ജീവന്റെ സംരക്ഷണം ഇവരുടെ കൈകളിലാണ്. എട്ടും പന്ത്രണ്ടും മണിക്കൂറുകൾ കണ്ണിമയ്ക്കാതെയും വെള്ളം കുടിക്കാതെയും വിശപ്പിനെ മാറ്റിവെച്ചും രോഗികളെ ശുശ്രൂഷിക്കുന്ന ജീവന്റെ സംരക്ഷകർ മേൽപറഞ്ഞവരിൽ നിന്ന് എത്രയോ ഉയരങ്ങളിലാണ്.** പക്ഷേ, ഇതിന്റെ മറവിൽ നേഴ്സിംഗ് ജോലിയെ സേവനമെന്നും ശുശ്രൂഷയെന്നും നല്ലവാക്കുകളിലൊതുക്കി പലരും തടിച്ചുകൊഴുക്കുകയാണ്.

കേരളത്തിലെ വ്യവസ്ഥിതികളെ പഴിപറഞ്ഞിട്ടുകാര്യമില്ല. പഠനങ്ങൾനടത്തി ശമ്പളം നിശ്ചയിക്കുമെന്ന ഗീർവാണവും തള്ളിക്കളയണം. 2012ലെ ബലരാമൻ കമ്മറ്റി റിപ്പോർട്ടും വീരകുമാർ റിപ്പോർട്ടും അട്ടിമറിച്ചവർ, 2016 ജനുവരിയിൽ പുതുക്കേണ്ട ശമ്പ



ളപുനക്രമീകരണം നടത്താത്തവർ വീണ്ടും പഠിച്ചുപറയാമെന്ന് പറഞ്ഞാൽ മുഖവിലയ്ക്കെടുക്കാനാവില്ല. ചർച്ചകൾനടത്തി നേഴ്സിംഗ് സമൂഹത്തെ കൊലയ്ക്കുകൊടുക്കുന്ന ഗൂഢതന്ത്രങ്ങൾക്ക് ഈ മാലാഖമാരെ ഇനിയും വിട്ടുകൊടുക്കാനാവില്ല.

**നേഴ്സിംഗ് സമരത്തിന്റെ വൈകാരികതയ്ക്ക് കാരണങ്ങൾ പലതാണ്.** 1). സാധാരണക്കാരും പാവപ്പെട്ടവരുമായ കുടുംബങ്ങളിൽനിന്നാണ് നേഴ്സിംഗ്മേഖലയിലേയ്ക്ക് കുട്ടികൾ കടന്നുവരുന്നത്. 2). കിടപ്പാടം വിറ്റും ബാങ്കിൽനിന്ന് ലക്ഷങ്ങൾ കടമെടുത്തും പഠനം നടത്തി വിജയിച്ചെത്തുന്നവർക്ക് വളരെ നാളത്തെ കാത്തിരിപ്പിനുശേഷം ലഭിക്കുന്ന ജോലികൊണ്ട് പട്ടിണികിടന്നാൽ പോലും പലിശയടക്കുവാൻ സാധിക്കാത്ത ദയനീയാവസ്ഥയിലുള്ള ഈ പ്രതികരണത്തിന് ശക്തിയേറും. 3). സ്വകാര്യ ആശുപത്രികളിലെ ഉള്ളുകളികളെക്കുറിച്ച് ബോധ്യമുള്ളവരാണ് അവിടെ ജോലിചെയ്യുന്ന നേഴ്സുമാർ. നിസാരരോഗങ്ങൾ പോലും വൻരോഗങ്ങളാക്കി ഞെക്കിപ്പിഴിയുക മാത്രമല്ല, നാട്ടിലുള്ളതും ഇല്ലാത്തതുമായ ഒട്ടേറെ ലാബ് പരിശോധനകളും നടത്തി പണം പിഴിയുന്ന കോർപ്പറേറ്റ് ഹോസ്പിറ്റലുകളുടെ ചൂഷണം ദിവസേന കൺമുമ്പിൽ കാണുന്ന ഇവർ ലോകത്തോടിത് വിളിച്ചുപറയുന്ന നാളുകൾ വിദൂരമല്ല.

1994ലാണ് മിനിമം വേജസ് നേഴ്സിംഗ് മേഖലയിൽ വന്ന



ത്. അന്നത് 5000 രൂപയായിരുന്നു. രണ്ടായിരാമാണ്ട് വരെ ഈ തുക സ്വകാര്യ ആശുപത്രികൾ കൊടുത്തില്ല. പകരം മാനേജ്മെന്റുകൾ ഇതിനെതിരെ കേസ് നടത്തി വർഷങ്ങൾ തള്ളിനീക്കി. ഇത്തരം ഒരു കുതന്ത്രമാണ് 2016 ജനുവരിയിലെ ശമ്പള വർദ്ധനവ് നടപ്പിലാക്കാതെ ഇക്കൂട്ടർ സ്വീകരിച്ചത്. **20,000 രൂപ അടിസ്ഥാനശമ്പളം വേണമെന്ന ന്യായമായ ആവശ്യവും കോടതി വ്യവഹാരത്തിലൂടെ അട്ടിമറിക്കുവാൻ മാനേജ്മെന്റുകൾ ഇനിയും ശ്രമിക്കുവാൻ സാധ്യതയേറെയാണ്.**

ഡെങ്കിപ്പനിയെന്ന പിടിവള്ളിയിൽ ജനരോഷമുയർത്തി പൊതുസമൂഹത്തിന്റെ ശ്രദ്ധതിരിച്ചുവിട്ട് നേഴ്സുമാരുടെ സമരത്തെ അട്ടിമറിക്കുവാൻ ശ്രമിക്കുന്നത് വിവരദോഷമാണ്. ഇവരിൽ പലരും ഇവരുടെ കുടുംബങ്ങളും ഇതേ പനിക്കുതന്നെ കീഴ്പെട്ടിരിക്കുന്നുവെന്നതും മറക്കരുത്. എങ്കിലും ഡെങ്കിപ്പനി പിടിച്ചവരെ ശുശ്രൂഷിക്കുവാൻ നേഴ്സുമാർ വേണം. **പനിബാധിതരെക്കൊണ്ട് ആശുപത്രികൾ നിറയുമ്പോൾ രാവും പകലും പണിയെടുക്കുന്ന മാലാഖമാരെ എല്ലാവർക്കും വേണം. രോഗികളുടെയും കൂടെയുള്ളവരുടെയും ദേഷ്യവും ആട്ടും തുപ്പും കൈയേറ്റവും ചെകിട്ടത്തടിയും മാത്രമല്ല തിരക്കിനിടയിൽ ഉള്ളുരുകി ഒന്നു കരയാൻപോലും ഇവർക്കാകുന്നുണ്ടോ? എന്നിട്ടും എല്ലാം മറന്ന് പുഞ്ചിരിക്കുന്ന മുഖവുമായി കൈയിൽ സിറിഞ്ചും മരുന്നും കുറിപ്പുകളുമായി ഓടിനടക്കുന്നവർക്ക് വെറും 20,000 മല്ല ഈ നാടുതന്നെ തീറെഴുതിക്കൊടുത്താലും മതിയാവില്ല.**

കേരളത്തിലെ അവസ്ഥ ജോലിയുണ്ട് ശമ്പളമില്ല എന്നതാണെങ്കിൽ സാമ്പത്തിക നേട്ടത്തിനുവേണ്ടി വിദേശങ്ങളിലേയ്ക്ക് കുടിയേറിയിരിക്കുന്നവരെക്കുറിച്ചും പറയാതെ വയ്യ. കേരളമെന്ന സംസ്ഥാനം ഇന്നു ഈ രീതിയിൽ നിലനിൽക്കുന്നെങ്കിൽ അതിന്റെ പിന്നിൽ വിദേശത്തുജോലിചെയ്യുന്ന നേഴ്സുമാരുടെ സംഭാവനകൾ വളരെ വലുതാണ്. കാർഷികമേഖല സാമ്പത്തിക പ്രതിസന്ധിയിൽ തകർന്നടിയുമ്പോഴും കുടുംബങ്ങൾക്ക് താങ്ങാവുന്നത് വിദേശത്തുള്ള ഇവരുടെ ഡ്രാഫ്റ്റുകളാണ്. വ്യാപാരികളും വ്യവസായികളും വിദ്യാഭ്യാസസ്ഥാപനങ്ങളും മാത്രമല്ല വിവിധ മതങ്ങൾ പള്ളികളും മോസ്കുകളും അമ്പലങ്ങളും പണിതുയർത്തുന്നതും നിലനിർത്തുന്നതും ഇവരുടെയുംകൂടി പിൻബലത്തിലാണ്.



**വിദേശനേഴ്സിന്റെ കഷ്ടപ്പാടുകളെക്കുറിച്ച് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? അവധിക്കാലത്ത് എയർപോർട്ടിൽ പുഞ്ചിരിക്കുന്ന മുഖവുമായി വന്നിറങ്ങുമ്പോൾ സ്വന്തക്കാരെയും ബന്ധുജനങ്ങളെയും നേരിട്ടുകണ്ട് കെട്ടിപ്പുണരുമ്പോൾ അവരനുഭവിക്കുന്ന ആത്മസംതൃപ്തിയുടെ ആഴങ്ങൾ അളക്കുവാൻ ആർക്കുമാവില്ല.**

**പിറന്നുവീണ കുഞ്ഞിനെ ഭർത്താവിനെ ഏൽപിച്ച് വിദേശത്തേയ്ക്ക് വണ്ടികയറുന്നവൾ, പഠിക്കാനായി മാതാപിതാക്കൾ പണയംവച്ച കിടപ്പാടം തിരികെയെടുക്കുവാൻ അറബിയുടെയും സായിപ്പിന്റെയും ആഫ്രിക്കക്കാരന്റെയും ആക്രോശങ്ങൾക്കുമുമ്പിൽ നെഞ്ചുരുകുന്നവർ. തീർന്നില്ല, നാടും വീടും കൂടും വിട്ട് അന്യദേശത്ത് പരദേശിയായി കഴിയുന്നവരുടെ നൊമ്പരങ്ങൾ അനുഭവിച്ചവർക്കേ അറിയൂ.** ആഭ്യന്തരകലഹങ്ങളും അധിനിവേശങ്ങളും പ്രക്ഷോഭങ്ങളും തീവ്രവാദങ്ങളും ബോംബറുകളും നടക്കുന്ന രാജ്യങ്ങളിൽ തീയുടെയും പട്ടാളത്തിന്റെയും തീവ്രവാദികളുടെയും മുമ്പിൽ സ്വയം ശൂന്യരായി എരിഞ്ഞടങ്ങി പലപ്പോഴും ജീവിക്കേണ്ടിവരുന്ന നമ്മുടെ മക്കളുടെ കഷ്ടപ്പാടുകൾ തനിക്കും നാട്ടിലുള്ള പ്രിയപ്പെട്ടവർക്കും വേണ്ടിയാണെന്ന് ഇവിടെയുള്ളവർ മറന്നുപോകുന്നു. ദൈവത്തിന്റെ കൃപകൊണ്ട് മികച്ച രാജ്യങ്ങളിൽ പോയി ജീവിതം കെട്ടിപ്പടുത്തവരുമുണ്ട്. സാമ്പത്തികനേട്ടങ്ങളുണ്ടാക്കിയവരുമുണ്ട്. ഇവരെ കാണാനായി രാഷ്ട്രീയ മതനേതാക്കളും ഭരണാധികാരികളും ആഴ്ചകൾ തോറും രാജ്യങ്ങൾ കടന്ന് എത്താറുമുണ്ട്. **വിദേശത്തുകഴിയുന്ന നേഴ്സുമാരുടെ മാസശമ്പളത്തിന്റെ വീതംപറ്റുന്നവരും ഇവരുടെ പിൻബലത്തിൽ നാട്ടിൽ ആശുപത്രികൾ ഉൾപ്പെടെ വമ്പൻ സ്ഥാപനങ്ങൾ പടുത്തുയർത്തിയവരും കേരളത്തിലെ മാലാഖമാരുടെ ജീവിക്കുവാനുള്ള പോരാട്ടത്തിന് പിൻബലമേകാത്തതെന്ത്? വിദേശത്തു ജോലിചെയ്യുന്ന നേഴ്സിന്റെ പണം നമുക്കുവേണം. എന്നാൽ ഇവിടെയുള്ള അതേ നേഴ്സിന് ജീവിക്കുവാനുള്ള വേതനം നൽകുവാൻ മടിയാണുപോലും.**

സ്വകാര്യ ആശുപത്രികളിൽ പേഷ്യന്റ്:നേഴ്സ് അനുപാതം പാലിക്കപ്പെടുന്നുണ്ടോ? പഠനത്തിനുശേഷം രജിസ്ട്രേഷനും എടുത്ത് സ്റ്റാഫായ നേഴ്സിനെ ട്രെയിനിയായും ഫിസിഷ്യൻ അസിസ്റ്റന്റായും ഒബ്സേർവറായും തരംതാഴ്ത്തി അട്ടിമറിക്കുന്നത് ശരിയാണോ? **നാലു വർഷത്തെ പഠനം, തുടർന്നുള്ള ജോലി, സർട്ടിഫിക്കറ്റുകളെല്ലാം ആശുപത്രി അധികൃതരുടെ പക്കൽ, എഗ്രിമെന്റ് കാലാവധിക്കിടയിൽ വിദേശജോലിക്കവസരം ലഭിച്ചിട്ട് സർട്ടിഫിക്കറ്റുകൾ അധികൃതരിൽ നിന്നും ലഭിക്കാതെ ആത്മഹത്യചെയ്ത നേഴ്സുമാരുടെ ചരിത്രം നമുക്കു മറക്കാനാകുമോ?**



ചെറുകിട ആശുപത്രികൾക്ക് ശമ്പളവർദ്ധനവ് താങ്ങാനാവില്ലെന്ന് ന്യായവാദങ്ങളുന്നയിച്ച് ഒളിച്ചോടാനുള്ള ശ്രമങ്ങളുണ്ടാകാം. മാനേജുമെന്റിന്റെ പിടിപ്പുകേടുകൊണ്ടല്ലാതെ നേഴ്സുമാരുടെ പ്രവർത്തനവൈകല്യംകൊണ്ട് ഒരാശുപത്രിയും പൂട്ടിയ ചരിത്രമില്ല. നേഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശിച്ച കമ്മീഷന്റെ ശുപാർശകൾ വന്നപ്പോൾ സ്വകാര്യ ആശുപത്രികൾ നിരക്കുകൾ കുത്തനെ കൂട്ടി. നേഴ്സിനു നേട്ടമുണ്ടായില്ല. ഇതിനോടകം വിവിധയിനം മരുന്നുകൾക്കും സർജറികൾക്കായുള്ള മെറ്റീരിയൽസിനും വില കുറഞ്ഞു. ഇതു രോഗികൾക്കുപകരിച്ചില്ല.

വിദഗ്ദ്ധ ഡോക്ടർമാരുടെ കൈപ്പിഴകൾ പലതും കൂടെ പ്രവർത്തിക്കുന്ന നേഴ്സിന്റെ അവസരോചിതമായ ഇടപെടലുകളിലൂടെ ജീവൻ നിലനിർത്തിയിട്ടുള്ള ഒട്ടേറെ സന്ദർഭങ്ങൾ നിത്യേനയുണ്ട്. പക്ഷേ ഇതു ജനമറിയുന്നില്ല. ചികിത്സയുടെ മറവിൽ രോഗിയും ലോകവുമറിയാതെയുള്ള നിസ്വാർത്ഥസേവനങ്ങൾ നേഴ്സുമാരിലൂടെ നിർവഹിക്കപ്പെടുന്നുണ്ടെന്നുള്ളത് അംഗീകരിക്കപ്പെടണം.

**വിദഗ്ദ്ധ ഡോക്ടർമാരുടെ കൈപ്പിഴകൾ പലതും കൂടെ പ്രവർത്തിക്കുന്ന നേഴ്സിന്റെ അവസരോചിതമായ ഇടപെടലുകളിലൂടെ ജീവൻ നിലനിർത്തിയിട്ടുള്ള ഒട്ടേറെ സന്ദർഭങ്ങൾ നിത്യേനയുണ്ട്. പക്ഷേ ഇതു ജനമറിയുന്നില്ല. ചികിത്സയുടെ മറവിൽ രോഗിയും ലോകവുമറിയാതെയുള്ള നിസ്വാർത്ഥസേവനങ്ങൾ നേഴ്സുമാരിലൂടെ നിർവഹിക്കപ്പെടുന്നുണ്ടെന്നുള്ളത് അംഗീകരിക്കപ്പെടണം.**



> **മാനേജുമെന്റിന്റെ പിടിപ്പുകേടുകൊണ്ടല്ലാതെ നേഴ്സുമാരുടെ പ്രവർത്തനവൈകല്യംകൊണ്ട് ഒരാശുപത്രിയും പൂട്ടിയ ചരിത്രമില്ല. നേഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കണെമെന്ന സുപ്രീം കോടതി നിർദ്ദേശിച്ച കമ്മീഷന്റെ ശുപാർശകൾ വന്നപ്പോൾ സ്വകാര്യ ആശുപത്രികൾ നിരക്കുകൾ കുത്തനെ കൂട്ടി. നേഴ്സിനു നേട്ടമുണ്ടായില്ല. ഇതിനോടകം വിവിധയിനം മരുന്നുകൾക്കും സർജറികൾക്കായുള്ള മെറ്റീരിയൽസിനും വില കുറഞ്ഞു. ഇതു രോഗികൾക്കുപകരിച്ചില്ല.**

നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പുനഃക്രമീകരിക്കണമെന്ന് മാധ്യമങ്ങളിലൂടെ വിളിച്ചുപറഞ്ഞ് കൈയ്യടി നേടാൻ ശ്രമിക്കുന്ന പലരുടെയും സ്വന്തം സ്ഥാപനങ്ങളിൽ നടക്കുന്നത് കൊടിയ നീതിനിഷേധമാണെന്ന് ആർക്കാണറിയാത്തത്. ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുകയല്ല ഇടപെടലുകളിലൂടെ തിരുത്തലുകൾ വരുത്തുകയാണ് വേണ്ടത്. നേഴ്സിംഗ് സമരം പലരുടെയും കണ്ണുതുറപ്പിക്കും. വൻ പ്രക്ഷോഭത്തിന് അവസരം കൊടുക്കാതെ മാന്യമായ സമീപനം സ്വീകരിച്ച് മഹത്വം വെളിപ്പെടുത്താനുള്ള സാഹചര്യം പാഴാക്കരുത്.

മതത്തിന്റെയും ജാതിയുടെയും പേരിൽ നേഴ്സിംഗ് സമരത്തെ വേർതിരിച്ചുകാണുവാനുള്ള ശ്രമങ്ങൾ ശരിയല്ല. സ്വകാര്യ ആതുര ശുശ്രൂഷാമേഖലകളെന്ന വിശാലതലത്തിൽ ഈ പ്രശ്നത്തെ കാണുവാനും നേരിടുവാനും നമുക്കാകണം. നേഴ്സിംഗ് സമരത്തിന്റെ മറവിൽ കത്തോലിക്കാ സ്ഥാപനങ്ങളെയും സഭാസംവിധാനത്തെയും അടച്ചാക്ഷേപിക്കുന്നതും ഭൂഷണമല്ല. ഒരു പക്ഷേ സമരരംഗത്തുള്ള നേഴ്സുമാരായിരിക്കില്ല ചില നിക്ഷിപ്ത താല്പര്യക്കാരായിരിക്കാം ഇതിന്റെ പിന്നിൽ. സമവായത്തിലൂടെയും നിയമത്തിലൂടെയും സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം അതെത്രയായാലും കത്തോലിക്കാ സ്ഥാപനങ്ങൾ നൽകുവാൻ ബാധ്യസ്ഥരാണ്. ഇതു നടപ്പിലാക്കുന്നില്ലെങ്കിൽ വിശ്വാസിസമൂഹം ഒന്നടങ്കം നേഴ്സിംഗ് മേഖലയിൽ ശുശ്രൂഷചെയ്യുന്ന മക്കളോടൊപ്പം അണിനിരക്കും.

നേഴ്സുമാർക്ക് ന്യായമായ വേതനം നൽകുക, ശമ്പളവർദ്ധനവിന്റെ അധികഭാരം രോഗികളുടെമേൽ കെട്ടിയേൽപ്പിക്കാൻ പാടില്ല. ഇതുരണ്ടും സമന്വയിപ്പിച്ചുകൊണ്ടുള്ള ശമ്പളവർദ്ധനവിന് സർക്കാർ ശ്രമിക്കണം. ഭീഷണിയുടെ വൈകാരിക സ്വരവും സമ്മർദ്ദവും പ്രലോഭനങ്ങളും ഈ സമരത്തെ വിജയത്തിലെത്തിക്കില്ല.

ചില യാഥാർത്ഥ്യങ്ങൾ നാം തിരിച്ചറിയണം. ബലരാമൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 2013 ൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്. ഇതിന്റെ കാലാവധി അഞ്ചുവർഷമാണെന്നാണ് അറിയുന്നത്. അങ്ങനെയെങ്കിൽ ശമ്പളം പുതുക്കി നിശ്ചയിക്കേണ്ടത് സർക്കാരാണ്. സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്ക് സർക്കാർ ആശുപത്രികളിലെ നിരക്കിൽ ശമ്പളം നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടിട്ടില്ല. ഒരു കമ്മീഷനെ നിയമിക്കുകയായിരുന്നു കോടതി ചെയ്തത്. 2016ൽ നൽകിയ റിപ്പോർട്ടിൽ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ ശമ്പളകാര്യത്തിൽ സർക്കാർ തീരുമാനമെടുക്കണമെന്നായിരുന്നു കമ്മീഷന്റെ ശുപാർശ. **നിലവിലുള്ള കരാർ കാലാവധി കഴിയാതെ സർക്കാരിനും പുതിയ വേതനം നിശ്ചയിക്കുവാൻ നിയമപരമായി സാധിക്കുമോയെന്ന സന്ദേഹമുണ്ട്. അങ്ങനെ വന്നാൽ വേതനവർദ്ധനവ് വീണ്ടും കോടതി വ്യവഹാരങ്ങളിലൂടെ അട്ടിമറിക്കപ്പെടാം. അതുകൊണ്ട് സമരത്തോടൊപ്പം 2018 ജനുവരിയിൽ അടിസ്ഥാനശമ്പളം 20,000 മാക്കണമെന്ന നിർദ്ദേശം അംഗീകരിക്കപ്പെടാനുള്ള സാധ്യതകളാണ് നേഴ്സുമാർ തേടേണ്ടത്. മാനേജ്മെന്റുകൾക്ക് കോടതിവ്യവഹാരത്തിനുള്ള അവസരങ്ങൾ അടയ്ക്കുകയും വേണം. അതിന് വൈകാരികത വെടിഞ്ഞ് സമന്വയത്തിന്റെ പാത സ്വീകരിക്കുവാൻ ഏവരും തയ്യാറാകണം.** ഒന്നുറപ്പാണ്, ഭൂമിയിലെ ഈ മാലാഖമാരെ സംരക്ഷിച്ചേ പറ്റൂ. ജീവിക്കുവാൻ മാത്രമല്ല, തങ്ങളുടെ ജോലിവരുമാനത്തിലൂടെ കുടുംബസാമ്പത്തിക ഭദ്രത അവർക്കുറപ്പാക്കുകയും വേണം.

ആധുനിക കാലത്തെ മനുഷ്യവിഭവചൂഷണം ആരോഗ്യമേഖലയിൽ മാത്രം ഒതുങ്ങുന്നില്ല. കർഷകരും ഇതര സേവനമേഖലയിലുള്ളവരും ഇത്തരം ചൂഷണങ്ങളുടെ ഇരകളാണിന്ന് . സംഘടിതമുന്നേറ്റത്തിന്റെ അഭാവമാണ് ഇവരുടെയൊക്കെ വേദനകളും ദുഃഖങ്ങളും പൊതുസമൂഹത്തിൽ പ്രതിഫലിക്കാത്തത്. നാളെ സ്വകാര്യ വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപകരും സമരരംഗത്തിറങ്ങി കത്തിജ്വലിക്കും. അതിനിടവരാതിരിക്കുവാൻ അധികാരികൾ ശ്രദ്ധിച്ചാൽ അപമാനഭാരം കുറയ്ക്കാം. ഇതൊരു മുന്നറിയിപ്പുമാത്രം.

**കഷ്ടപ്പാടിന്റെയും കദനത്തിന്റെയും വേദനകൾ ഉള്ളിലൊതുക്കി ജീവിക്കുവാൻവേണ്ടി പോരാടുന്ന ഭൂമിയിലെ മാലാഖാമാർക്ക് നമുക്ക് പിന്തുണയേകാം. അധികാരകേന്ദ്രങ്ങൾ പിടിവാശി കളഞ്ഞ് ഇവരുടെ സേവനങ്ങൾക്ക് കൈയ്യൊപ്പ് ചാർത്തണമെന്നാണ് എളിയ അപേക്ഷ.** ജീവന്റെ തുടിപ്പുകൾക്ക് സംരക്ഷണമേകി, സാന്ത്വനവും ആശ്വാസവും പകർന്നേകി അന്തരാത്മാവിന്റെ ഉള്ളറകളിൽ നിറഞ്ഞുതുളുമ്പുന്ന ഇവരുടെ നന്മകളുടെ നല്ല ഫലങ്ങൾ പൊതുസമൂഹത്തിൽ തുടർന്നും വാരിവിതറട്ടെ.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ



നാലാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചകളെയും നിഗമനങ്ങളെയും അടിസ്ഥാനമാക്കി സീറോ മലബാർ സിനഡ് അംഗീകരിച്ച ശുപാർശകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന പ്രബോധനരേഖ.

# ഒന്നായി മുന്നോട്ട്

## അജപാലന പ്രബോധനം

കഴിഞ്ഞ ലക്കം തുടർച്ച...

നവമാധ്യമങ്ങളുടെ ഉപയോഗം ക്രിസ്തീയമൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർവഹിക്കുവാൻ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതും ഇന്ന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. രാജ്യസ്നേഹമുള്ള പൗരന്മാരായി കുട്ടികളെ വളർത്താൻ മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കണം. ഇന്ത്യയിൽ പഠിക്കുന്ന കുട്ടികൾ പഠനത്തിനുശേഷം വിദേശരാജ്യങ്ങളിൽ ജോലി കണ്ടെത്തുന്നതിനുള്ള ഭ്രമം ഉപേക്ഷിക്കുകയും ഇവിടെ തന്നെ ജോലികൾ കണ്ടെത്താനും സംരംഭകരാകാനും ആവുന്നിടത്തോളം പരിശ്രമിക്കുകയും വേണം. വിദ്യാഭ്യാസത്തിനോ ജോലികൾക്കോ വേണ്ടി സ്വദേശത്തുനിന്നും സ്വഭവനത്തിൽ നിന്നും അകന്നു കഴിയുന്ന മക്കൾ, തങ്ങളുടെ കുടുംബത്തോടും മാതൃസഭയോടുമുള്ള ബന്ധം സുദൃഢമായി നിലനിർത്തുവാൻ മാതാപിതാക്കന്മാർ അവരെ സഹായിക്കണം.

കുടുംബത്തെ മുൻനിർത്തിയുള്ള അജപാലനത്തിൽ യുവജനങ്ങൾക്ക് പ്രത്യേകസ്ഥാനമുണ്ട്. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച് വെല്ലുവിളികൾ ഉണ്ടാകുമ്പോൾ അവർക്കുചിതമായ സമീപനങ്ങൾ എടുക്കുവാൻ യുവജനങ്ങളെ ശക്തരാക്കേണ്ടത് സഭയുടെ പ്രത്യേക ദൗത്യമാണ്. അജപാലകർക്ക് ഇതിൽ പ്രത്യേക ഉത്തരവാദിത്വമുണ്ട്. ഈ ദൗത്യബോധത്താൽ ഫ്രാൻസീസ് പാപ്പ 2018-ൽ യുവജനങ്ങൾക്കായി ഒരു സിനഡുതന്നെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സഭയിലെ യുവജനപ്രസ്ഥാനമായ സീറോ മലബാർ യൂത്ത് മൂവ്മെന്റ് (SMYM) നെയും മറ്റു യുവജനസംഘടനകളെയും മുതിർന്നവർക്കുവേണ്ടിയുള്ള അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിനെയും മാതൃവേദിയേയും പരമാവധി പോഷിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി ഏവരും മനസിലാക്കണം.

ക്രിസ്തീയവിശ്വാസത്തിനും സന്മാർഗത്തിനും നിരക്കാത്ത പ്രത്യയശാസ്ത്രങ്ങളുടെയോ ജീവിത സങ്കല്പങ്ങളുടെയോ കെണിയിൽപെടാതെ യുവാക്കളായ മക്കൾ ജീവിക്കേണ്ടതിന് മാതാപിതാക്കൾ മക്കളോടു ചേർന്ന് സജീവജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. മദ്യം, മയക്കുമരുന്ന്, ഇന്റർനെറ്റ് അശ്ലീലത, കുട്ടികൾക്കെതിരായുള്ള ലൈംഗികാതിക്രമങ്ങൾ, തിന്മയുടെ സംഘടിതവലയങ്ങൾ എന്നിവകളിൽപ്പെടാതെ യുവജനങ്ങളെ കാത്തുസൂക്ഷിക്കേണ്ടത് കുടുംബങ്ങളുടെയും സഭയുടെയും ഉത്തരവാദിത്വമാണ്.

10. ജീവന്റെ സംരക്ഷണം ഭ്രൂണത്തിന്റെ ആദ്യനിമിഷം മുതൽ ഉറപ്പുവരുത്തേണ്ടതാണ്. കാരുണ്യവധം ക്രൈസ്തവർക്ക് ഒരിക്കലും സ്വീകാര്യമല്ല. ലൈംഗിക വിദ്യാഭ്യാസം ക്രൈസ്തവ പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾക്കും യുവജനങ്ങൾക്കും നൽകണം. അത് അവർക്ക് ലഭിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം.

**മക്കൾ മാതാപിതാക്കൾക്ക് കൊടുക്കേണ്ട ആദരവും ബഹുമാനവും എടുത്ത്പറയാനാഗ്രഹിക്കുന്നു. തോബിത് തോബിയാസിന് കൊടുക്കുന്ന നിർദ്ദേശം എത്രയോ ഹൃദയസ്പർശിയാണ്: "മകനേ, ഞാൻ മരിക്കുമ്പോൾ എന്നെ സംസ്കരിക്കുക. നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരിക്കണം; അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്" (തോബിത് 4:3)**

സ്ത്രീ-പുരുഷസമത്വം സഭ പരിപോഷിപ്പിക്കുന്ന സാമൂഹിക നന്മയാണ്. ഭാര്യാഭർതൃബന്ധത്തിലും ഇടവകകളിലെയും സ്ഥാപനങ്ങളിലെയും നയങ്ങളിലും കർമ്മപരിപാടികളിലും ഇത് അഭംഗുരം പാലിക്കപ്പെടേണ്ടതാണ്. സ്ത്രീപീഢനം ക്രിസ്തീയതയ്ക്ക് കടകവിരുദ്ധമാണ്. സ്ത്രീ-പുരുഷസമത്വത്തിനു വിരുദ്ധമായ കുടുംബകലഹങ്ങളോ വിപരീത ബന്ധങ്ങളോ ക്രൈസ്തവർക്ക് ചേർന്നതല്ല.

പ്രായാധിക്യം, രോഗം, ശാരീരികമോ മാനസികമോ ആയ കുറവുകൾ, തൊഴിലില്ലായ്മ എന്നീ അവസ്ഥകളിലുള്ളവരെ കുടുംബത്തിനുള്ളിൽ ചേർത്തുനിർത്താൻ കഴിയണം. ഒരുവന് ദൈവം നൽകുന്ന കഴിവുകൾ മറ്റുള്ളവർക്കുവേണ്ടിക്കൂടി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കുടുംബത്തിലാണ് ഇതാദ്യം ആരംഭിക്കേണ്ടത്. ഉപവി അഥവാ കാരുണ്യപ്രവർത്തനം കുടുംബത്തിൽ ആരംഭിക്കുന്നു (Charity begins at home). മക്കൾ മാതാപിതാക്കൾക്ക് കൊടുക്കേണ്ട ആദരവും ബഹുമാനവും എടുത്ത്പറയാനാഗ്രഹിക്കുന്നു. തോബിത് തോബിയാസിന് കൊടുക്കുന്ന നിർദ്ദേശം എത്രയോ ഹൃദയസ്പർശിയാണ്: "മകനേ, ഞാൻ മരിക്കുമ്പോൾ എന്നെ സംസ്കരിക്കുക. നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരിക്കണം; അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്" (തോബിത് 4:3)

(തുടരും)



*കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് റിസർച്ച് സ്ക്വയർ ഓഡിറ്റോറിയത്തിൽ രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ.എബ്രാഹം മാത്യു, റവ.ഡോ.കുര്യൻ താമരശ്ശേരി, മാർ ജോസ് പുളിക്കൽ, അഡ്വ.ബിന്ദു എം.തോമസ്, റവ.ഫാ.ജോർജ് ആലുങ്കൽ, റവ.ഫാ.ജെസ്റ്റിൻ പഴേപറമ്പിൽ, അഡ്വ.വി.സി.സെബാസ്റ്റ്യൻ എന്നിവർ സമീപം.*

# ക്രൈസ്തവസമൂഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങളെ നിസാരവൽക്കരിക്കരുത്: മാർ മാത്യു അറയ്ക്കൽ

കാഞ്ഞിരപ്പള്ളി: രാജ്യത്തുടനീളം പതിറ്റാണ്ടുകളായി ക്രൈസ്തവസമൂഹം ചെയ്യുന്ന നിസ്വാർത്ഥ സേവനങ്ങളെയും മഹത്തായ ശുശ്രൂഷകളെയും നിസാരവൽക്കരിച്ചു കാണരുതെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ സൂചിപ്പിച്ചു. രൂപതാ പാസ്റ്ററൽ കൗൺസിൽ സമ്മേളനം അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മാർ അറയ്ക്കൽ. മത ഭാഷാ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ മൈനോരിറ്റി ആക്ടിലൂടെയും ന്യൂനപക്ഷ മന്ത്രാലയത്തിലൂടെയും വിവിധ കമ്മീഷനുകളിലൂടെയും ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ന്യൂനപക്ഷ പദ്ധതിയുടെ പങ്കുവയ്ക്കൽ ജനസംഖ്യാനുപാതികവും നീതിപൂർവ്വവുമായിരിക്കണം. പൊതുസമൂഹത്തോടു ചേർന്നുനിന്നുകൊണ്ടുവേണം ന്യൂനപക്ഷ സമുദായങ്ങൾ പ്രവർത്തിക്കേണ്ടത്. രാഷ്ട്രത്തിന്റെ സമഗ്രായ വളർച്ചയ്ക്കും ജനങ്ങളുടെ നന്മയ്ക്കും സമൂഹത്തിന്റെ പുരോഗതിക്കും ഒരുമയും പങ്കുവയ്ക്കലുകളും വളരെ അടിന്തരമായിട്ടുണ്ടാകേണ്ട കാലഘട്ടമാണിത്. ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കുമായി പൊതുസമൂഹമൊന്നാകെ ഒരു മനസോടെ കൈകോർക്കണമെന്നും മാർ അറയ്ക്കൽ പറഞ്ഞു.

സീറോ മലബാർ സഭയുടെ ഇന്ത്യയിലെ അപ്പസ്തോലിക് വിസിറ്ററും തൃശൂർ അതിരൂപതാ സഹായമെത്രാനുമായ മാർ റാഫേൽ തട്ടിൽ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സഭയുടെ പ്രവർത്തനങ്ങൾ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുമായി പങ്കുവച്ചു.

രൂപതാ സഹായമെത്രാൻ മാർ ജോസ് പുളിക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ചാൻസിലർ റവ. ഡോ.കുര്യൻ താമരശ്ശേരി സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ.എബ്രഹാം മാത്യു പന്തിരുവേലി റിപ്പോർട്ട് അവതരിപ്പിച്ചു. വികാരി ജനറാൾ റവ.ഫാ.ജെസ്റ്റിൻ പഴേപറമ്പിൽ, അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് മാനേജർ റവ.ഫാ.മാത്യു പായിക്കാട്ട്, സിസ്റ്റർ റെസി മരിയ എഫ്.സി.സി., പ്രൊഫ.സാജു ജോസഫ് എന്നിവർ സംസാരിച്ചു.

"സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ അവകാശസംരക്ഷണവും" എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ.ബിന്ദു എം.തോമസും "ഇന്ത്യൻ ഭരണഘടനയും ന്യൂനപക്ഷ അവകാശങ്ങളും ക്ഷേമപദ്ധതികളും" എന്ന വിഷയത്തെക്കുറിച്ച് ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യനും ക്ലാസ് നയിച്ചു. റബർ ബോർഡ് മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ട കെ.സി.ഡോമിനിക്ക് കരിപ്പാപ്പറമ്പിൽ, അഡ്വ. സോണി തോമസ് പുരയിടം എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു.

# എറിട്രിയയിൽ ക്രിസ്ത്യാനികൾക്കുനേരെയുള്ള പീഡനം വർദ്ധിക്കുന്നു

അസ്മാറ: കിഴക്കൻ ആഫ്രിക്കൻ രാജ്യമായ എറിട്രിയയിൽ ക്രിസ്ത്യാനികൾക്കുനേരെയുള്ള അടിച്ചമർത്തൽ കൂടുതൽ ശക്തമാകുന്നു. ക്രൈസ്തവർക്കുനേരെ നടക്കുന്ന അതിക്രമങ്ങളുടെ ഭാഗമായി ഇതിനോടകം തന്നെ ഏറ്റവും ചുരുങ്ങിയത് 160-ഓളം ക്രിസ്ത്യാനികൾ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിവിധ മനുഷ്യാവകാശ സംഘടനകൾ പുറത്തുവിട്ട റിപ്പോർട്ടുകളിൽ പറയുന്നു. അതേസമയം മതപഡനത്തിനെതിരെ നിലകൊള്ളുന്ന അന്താരാഷ്ട്ര സംഘടനയായ ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡിന്റെ റിപ്പോർട്ടനുസരിച്ച് വിവിധ പട്ടണങ്ങളിൽ നടത്തിയ റെയ്ഡിൽ ഏതാണ്ട് 170-ഓളം ക്രിസ്ത്യാനികൾ അറസ്റ്റിലായിട്ടുണ്ട്. കഴിഞ്ഞ മാസത്തിൽ ഒരു വിവാഹപാർട്ടിയിൽ പങ്കെടുത്തുകൊണ്ടിരുന്ന നൂറോളം ക്രിസ്ത്യാനികളെ അറസ്റ്റ് ചെയ്തതായും റിപ്പോർട്ടുണ്ട്. ബൈബിൾ തുടങ്ങിയ മതപരമായ വസ്തുക്കൾ പിടിച്ചെടുക്കുകയും ദിവ്യകർമ്മങ്ങൾ തടസ്സപ്പെടുത്തുകയുമായിരുന്നു നേരത്തെ സർക്കാർ അധികൃതർ നടത്തിക്കൊണ്ടിരുന്നത്. നിലവിൽ ക്രിസ്ത്യാനികളെ അവരുടെ വീടുക




ളിൽവച്ച് തന്നെ അറസ്റ്റ് ചെയ്യുവാൻ തുടങ്ങിയിരിക്കുന്നുവെന്നാണ് പുതിയ റിപ്പോർട്ട്. അതേസമയം എറിട്രിയയിലെ അദി കാലാ ജയിലിൽ 2 മാസം പ്രായമുള്ള കുട്ടി ഉൾപ്പെടെ ഏതാണ് 12ഓളം കുട്ടികൾ തങ്ങളുടെ മാതാപിതാക്കൾക്കൊപ്പം തടവിൽ കഴിയുന്നുണ്ടെന്നാണ് റിലീസ് ഇന്റർനാഷണലിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. 50ഓളം കുട്ടികളെ അവരുടെ മാതാപിതാക്കളെ അറസ്റ്റ് ചെയ്തശേഷം തനിയെ വിട്ടിരിക്കുകയാണ്. അവർക്ക് ഏതെങ്കിലും ക്രിസ്തീയ സമുദായത്തിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ചുവരികയാണ്.

# യേശുവിനെ പിശാച് എന്ന് വിശേഷിപ്പിച്ച് ഗുജറാത്ത് പാഠപുസ്തകം

അഹമ്മദാബാദ്: യേശുക്രിസ്തുവിനെ പിശാച് എന്ന് വിശേഷിപ്പിച്ച് ഗുജറാത്തിൽ പാഠപുസ്തകം. ഒൻപതാം ക്ലാസിലെ ഹിന്ദി പാഠപുസ്തകത്തിലാണ് പ്രകോപനപരമായ പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്. അതേസമയം പരാമർശം അച്ചടിപ്പിശകാണെന്ന വാദവുമായി വിദ്യാഭ്യാസമന്ത്രി രംഗത്തെത്തി.

ഒൻപതാം ക്ലാസിലെ ഇന്ത്യൻ സംസ്കാരവുമായി ബന്ധപ്പെട്ടുള്ള ഗുരുശിഷ്യബന്ധത്തെക്കുറിച്ചുള്ള പാഠഭാഗത്താണ് വിവാദപരാമർശം. ക്രിസ്തുവിനെ പിശാചായ യേശു എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ക്രിസ്തീയ വചനങ്ങൾക്കൊപ്പമാണ് ഈ വിശേഷണം കടന്നുകൂടിയിരിക്കുന്നത്.

സംഭവം വിവാദമായതോടെ സംസ്ഥാനസർക്കാരിനെതിരെയും വിദ്യാഭ്യാസവകുപ്പിനെതിരെയും പ്രതിഷേധം ശക്തമായിട്ടുണ്ട്. പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള ബോർഡിനെതിരെ കർശനടപടികൾ വേണമെന്ന് തെറ്റുചൂണ്ടിക്കാട്ടി രംഗത്തെത്തിയ അഭിഭാഷകൻ സുബ്രഹ്മണ്യം


को वंशपरंपरा से शिष्य परंपरा अधिक प्रिय है। ख्याति और प्रभाव
से कम प्रभावी रहें। यानी हम यही चाहेंगे कि संसार में जितना ना
कमाएँ। मुझे लगता है, आप हिंदुस्तानी नहीं है...।''
भारत में गुरु-शिष्य संबंध का वह भव्य रूप आज साधुओं,
सही, पाया जाता है। भगवान रामकृष्ण बरसों योग्य शिष्य को पाने
को भी उत्तम शिष्य के लिए रो-रोकर प्रार्थना करनी पड़ी थी। इसे स
शिष्य कितना महँगा और महत्त्वपूर्ण है। संतान प्राप्ति वर्ग उन्हें दुः
वे एकदम तैयार नहीं होते। इस संबंध में हेवान ईसा का एक कथन
लोग मुझसे कहीं अधिक महान है और उनकी जूतियाँ होने की यो
बनने की क्षमता जिनमें है उन्हें गांधीजी अच्छे लगते हैं और वे
उन्हें पसंद आयेगें जिनमें विवेकानंद बनने की अद्भुत शक्ति नि
कविता के मर्मज्ञ और रसिक स्वयं कवि से अधिक महा

അയ്യർ ആവശ്യപ്പെട്ടു. എന്നാൽ അച്ചടിപ്പിശക് മാത്രമാണിതെന്നും വിവാദത്തിന് അടിസ്ഥാനമില്ലെന്നും ഗുജറാത്ത് വിദ്യാഭ്യാസമന്ത്രി ഭൂപേന്ദ്ര സിംഗ് പറഞ്ഞു. പുതിയതായി അച്ചടിച്ച പാഠപുസ്തകങ്ങൾ വിതരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ ഒരുമാസം മുമ്പേ പുസ്തകത്തിൽ കടന്നുകൂടിയ തെറ്റു ചൂണ്ടിക്കാട്ടിയിട്ടും തെറ്റു തിരുത്തുവാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറായില്ലെന്ന് ഗുജറാത്തിലെ ക്രിസ്തീയസഭാ പ്രതിനിധികൾ പറയുന്നു.

## ന്യൂനപക്ഷ അവകാശങ്ങൾ

ഒന്നാം പേജ് തുടർച്ച...

നാവുന്നതെല്ലാം ചെയ്യും. പള്ളികൾ പണിയുന്നതുമായി ബന്ധപ്പെട്ടു ചിലയിടങ്ങളിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ശ്രമം സർക്കാർ ആരംഭിച്ചിട്ടുണ്ട്. റബർ കർഷകരുടെ പ്രശ്നത്തിൽ വിശദമായ പരിശോധന വേണം. ഇവരെ സഹായിക്കാൻ വിവിധ പദ്ധതികൾ പരിഗണനയിലുണ്ട്. റവന്യൂ ഓഫീസുകൾ മാത്രമല്ല, എല്ലാ സർക്കാർ ഓഫീസും ജനസൗഹൃദമാക്കുകയാണ് സർക്കാർ ലക്ഷ്യം.

എല്ലാവർക്കും വീടെന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന ലൈഫ് പദ്ധതിക്കു മുഖ്യമന്ത്രി ക്രൈസ്തവസഭകളുടെ പിന്തുണ അഭ്യർത്ഥിച്ചു. ചില സഭകൾക്ക് ഇതിൽ വലിയ പങ്ക് വഹിക്കാനാകും. വീട് നിർമ്മിച്ചു നൽകാൻ തയ്യാറായാൽ ആ സഹായം സർക്കാർ സ്വീകരിക്കും. ഇതൊരു അഭ്യർത്ഥനയായി സഭകൾക്കുമുന്നിൽ വയ്ക്കുകയാണെന്നു മുഖ്യമന്ത്രി പറഞ്ഞു. മദ്യനയം പുനപരിശോധിക്കണമെന്നു ചില സഭകൾ അഭ്യർത്ഥിച്ചപ്പോൾ മദ്യനിരോധനത്തെക്കാൾ മദ്യവർജ്ജനമാണ് നല്ലതെന്ന സർക്കാർ നിലപാടിനെ ചിലർ പിന്തുണച്ചു.

മന്ത്രി കെ.ടി.ജലീൽ, ന്യൂനപക്ഷക്ഷേമ സെക്രട്ടറി കെ.ഷാജഹാൻ, തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, കാഞ്ഞിരപ്പള്ളി ബിഷപ് മാർ മാത്യു അറയ്ക്കൽ, താമരശേരി ബിഷപ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, മലങ്കര കത്തോലിക്കാസഭ തിരുവനന്തപുരം മേജർ അതിരൂപതാ സഹായമെത്രാൻ ഡോ.സാമുവൽ മാർ ഐറേനിയോസ്, ക്നാനായ ആർച്ച്ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ, ഓർത്തഡോക്സ് തിരുവനന്തപുരം ഭദ്രാസനാധിപൻ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, മാർത്തോമ്മാ സഭാ എപ്പിസ്കോപ്പ ജോസഫ് മാർ ബർണബാസ്, മലങ്കര ഓർത്തഡോക്സ് സഭ മെത്രാപ്പോലീത്താ ഡോ.സക്കറിയാസ് മാർ അപ്രേം, സിഎസ്ഐ ബിഷപ് ധർമരാജ് റസാലം, തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറാൾ മോൺ.യൂജിൻ എച്ച്.പെരേര, ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ ഫാ.ഫിലിപ്പ് വടക്കേക്കളം, കോട്ടയം അതിരൂപതാ വികാരിജനറാൾ ഫാ.മൈക്കിൾ വെട്ടിക്കാട്ട്, യാക്കോബായ സഭ പ്രതിനിധി ഫാ.എൽദോ എം.പോൾ, ഇന്ത്യാ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി ഡോ.കെ.സി.ജോൺ, പി.ഓ.സി.ഡയറക്ടർ ഫാ.വർഗീസ് വള്ളിക്കാട്ട്, ഫാ.ബോവാസ് മാത്യു, കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് വി.വി.അഗസ്റ്റിൻ, അഡ്വ.വി.സി.സെബാസ്റ്റ്യൻ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.



Dr. P.M. Chacko
Palakunnel
Mob: 9746085144

# ഗോപന്റെ വൈകല്യം

ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനായ ഗോപൻ കഴിഞ്ഞ മാസം റിട്ടയർ ചെയ്തു. വിവാഹം കഴിഞ്ഞിട്ട് 26 വർഷമായി. ഒരു മകളും ഒരു മകനുമുണ്ട്. മകളെ വിവാഹം കഴിച്ച് അയച്ചു. മകൻ ബിരുദാനന്തര ബിരുദം കഴിഞ്ഞ് ജോലിക്കായി കാത്തിരിക്കുന്നു. ഭാര്യ ഒരു സ്വകാര്യ സ്ഥാപനം നടത്തുന്നു. അവരുടെ കീഴിൽ പത്തോളം ജോലിക്കാരുണ്ട്. ഗോപൻ തനിക്കുകിട്ടുന്ന ശമ്പളം മുഴുവൻ ചിലവാക്കുകയാണ്. അതിനോടൊപ്പം കടവും വർദ്ധിച്ചുവരുന്നു. വിവാഹം കഴിക്കുമ്പോഴും അയാൾക്ക് ഒരു ലക്ഷംരൂപ കടമുണ്ടായിരുന്നു. അത് ഭാര്യ അവളുടെ ബിസിനസ് വരുമാനംകൊണ്ട് വീട്ടിയെടുത്തു. ഗോപൻ ആഡംബരപ്രിയനും ഭക്ഷണപ്രിയനുമാണ്. സ്ഥിരമായി മദ്യപിക്കാറുമുണ്ട്. ഭാര്യയുടെ പാചകത്തെപ്പറ്റി നല്ല അഭിപ്രായമാണ്. പാചകത്തിന് മാംസവും മദ്യവും ധാരാളം വാങ്ങിക്കൊടുക്കും. അത് ഭൂരിഭാഗവും അയാൾ കഴിക്കും. ചിലപ്പോൾ മാംസം മുഴുവനും മദ്യപിക്കുമ്പോൾ കഴിക്കാനായി ഭാര്യ കാണാതെ എടുത്തുകൊണ്ടുപോകും. കറിയുണ്ടല്ലോ എന്നു കരുതി മക്കൾക്ക് ഭക്ഷണം വിളമ്പാനായി അടുക്കളയിൽ ചെല്ലുമ്പോൾ പലപ്പോഴും പാത്രം പോലും കാണാത്ത അവസ്ഥ പലപ്പോഴും ഉണ്ടായിട്ടുണ്ട്. മക്കൾ ദേഷ്യപ്പെടുമ്പോൾ മറ്റെന്തെങ്കിലും പെട്ടെന്നുണ്ടാക്കി അവരെ തൃപ്തിപ്പെടുത്തേണ്ടിവന്നിട്ടുണ്ടെന്നും ഭാര്യ പറയുന്നു. ഗോപൻ പല സ്ത്രീകളുമായി അടുത്ത ബന്ധമുണ്ടെന്ന് ഭാര്യയും മക്കളും പറയുന്നു. ഒരു സ്ത്രീയുമായി കുറെനാൾ അടുപ്പത്തിലിരിക്കുകയും ചിലപ്പോൾ ഒന്നിച്ചുതാമസിക്കുകയും ചെയ്യുന്നതിന്റെ ഇടയിൽതന്നെ മറ്റൊരാളുമായും അടുക്കും. ഇതിന്റെ പേരിൽ സ്ത്രീകൾ തമ്മിലും വഴക്കുണ്ടാകുന്നതായും അറിഞ്ഞു.

ഒരിക്കൽ, പോലീസിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട് അത്യാവശ്യമായി സർക്കിൾ ഇൻസ്പെക്ടറെ കാണണം എന്ന് ഒരു ഫോൺ സന്ദേശം കിട്ടി. ഭർത്താവിനോട് ഇതേപ്പറ്റി ചോദിച്ചപ്പോൾ ഏതോ ഒരു സ്ത്രീ തന്നെ ഒരുകാര്യവും ഇല്ലാതെ ശല്യപ്പെടുത്തുന്നുവെന്നും അതിനെതിരെ നിങ്ങൾ ഒരു കേസ് കൊടുക്കണമെന്നും പറഞ്ഞു. ഭാര്യയും മകനും പരാതിയുമായി സ്റ്റേഷനിലെത്തിയപ്പോഴാണ് സർക്കിൾ ഇൻസ്പെക്ടറിൽ നിന്ന് യഥാർത്ഥ വിവരം അറിയുന്നത്. ഗോപൻ ഒരു സ്ത്രീയുമായി അടുപ്പത്തിലായിരുന്നുവെന്നും അയാൾ അവളെ വിവാഹം ചെയ്തെന്നും അവൾ അവകാശപ്പെടുന്നു. എന്നാൽ ഇയാൾ മറ്റൊരു സ്ത്രീയുമായി ഇപ്പോൾ അടുപ്പത്തിലാണ് എന്ന് മനസിലാക്കിയ അവൾ പത്തുലക്ഷം രൂപ നഷ്ടപരിഹാരത്തിന് ഇവർ ഒന്നിച്ചുതാമസിച്ചതിനുള്ള രേഖകൾ സഹിതം കേസ് കൊടുത്തിരിക്കുകയാണ്. ആദ്യമൊക്കെ അയാൾ അത് നിരസിച്ചെങ്കിലും നിയമം പിടിമുറുക്കിയപ്പോൾ രണ്ടരലക്ഷം രൂപ കൊടുത്ത് കേസ് ഒത്തുതീർപ്പാക്കി. ഈ പണം മുഴുവനും കൊടുത്തതും ഭാര്യയാണ്. ഇപ്പോൾ റിട്ടയർ ചെയ്തുകഴിഞ്ഞിട്ടും ഇയാൾ ബന്ധങ്ങൾ തുടരുകയാണ്. ചിലദിവസങ്ങളിൽ ഇയാൾ വീട്ടിൽ വരാറേയില്ല. ചോദിക്കുമ്പോൾ റിട്ടയർമെന്റല്ലേ അല്പം ചീട്ടുകളിയും മദ്യപാനവുമൊക്കെ ചെയ്താൽ കുഴപ്പമില്ല, ഇത്രയും നാൾ കഷ്ടപ്പെട്ട് ജോലിചെയ്തതല്ലേ എന്നൊക്കെ ചോദിച്ച് രക്ഷപെടും. കൂടുതൽ ചോദിച്ചാൽ ആക്രോശവും മർദ്ദനവുമൊക്കെയുണ്ടാകും.

ലൈംഗിക അധാർമ്മികപെരുമാറ്റം ഗോപന് ചെറുപ്പം മുതലേ ഉള്ളതായി അറിയാൻ കഴിഞ്ഞു. ഗോപന്റെ അമ്മ അപ്പന്റെ ഇത്തരം പെരുമാറ്റ ദൂഷ്യവും പരസ്ത്രീബന്ധവും കാരണം ഗോപൻ തീരെ കുഞ്ഞായിരിക്കുമ്പോൾ തന്നെ ഭർത്താവിനെ ഉപേക്ഷിച്ചുപോയി. മുത്തച്ഛന്റെ കഥയും ഏതാണ്ട് ഇതേപോലെതന്നെയായിരുന്നു. സഹോദരങ്ങളിൽ ചിലരുടെയും സ്വഭാവത്തിൽ ഇത്തരം പ്രത്യേകതകളുണ്ട്.

നാമെല്ലാവരും ജനിച്ചുവീഴുന്നത് അനന്തസാധ്യതകളോടെയാണ്. നന്മയിലും ജീവിതവിജയത്തിലും അങ്ങേയറ്റം ഉയരുവാൻ എല്ലാവർക്കുംതന്നെ കഴിവുകളുണ്ട്. എന്നാൽ നാം ജീവിച്ചുതുടങ്ങുമ്പോൾ സാഹചര്യങ്ങൾ നമ്മെ സ്വാധീനിക്കാൻ തുടങ്ങും. ജീവിതസാഹചര്യങ്ങളും മാതാപിതാക്കളുടെയും മററുമുതിർന്നവരുടെയും സ്വാധീനം നമ്മെ ചില പ്രത്യേക ധാരണകളിലേയ്ക്കു നയിക്കും. ഇങ്ങനെ

യൊക്കെ ചെയ്യുന്നതാണ് ശരി; അല്ലാത്തതെല്ലാം തെറ്റാണ്; ഒരു പ്രത്യേക രീതിയിൽ പെരുമാറുന്നവരെല്ലാം മോശക്കാരാണ്. ചില അവസരങ്ങൾ ഒരു രീതിയിൽ മാത്രം പെരുമാറുന്നതേ ശരിയായുള്ളൂ. അല്ലാതെ പെരുമാറുന്നവർ ചീത്തമനുഷ്യരാണ് എന്ന ചിന്തയും ഉണ്ടാകും. അതുപോലെ നല്ല കഴിവുള്ള കുട്ടികൾ പോലും എന്നെക്കൊണ്ട് ഇത്രയുമേ പറ്റുകയുള്ളൂ, വലിയ നേട്ടങ്ങളൊക്കെ നേടുന്നവർ എന്നെക്കാളും കഴിവുള്ളവരാണ് എന്നും ചിന്തിച്ച് വിശ്വസിക്കുവാൻ തുടങ്ങും. ഇതുപോലെ ചില ധാർമ്മിക പിന്തുണകളും രൂപീകരിക്കും. ജീവിതം ആസ്വദിക്കാനുള്ളതാണ്. ലൈംഗികത വിവാഹത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല. ആസ്വദിക്കാനുള്ളതാണ് എന്ന ചിന്തയും ശക്തമായി ചിലരിൽ ഉണ്ടാകും. പരസ്ത്രീബന്ധം പാപമല്ല എന്ന ബോധ്യത്തിൽ ജീവിക്കുന്നവരുമുണ്ട്.

മേൽപറഞ്ഞ ബോധ്യങ്ങൾ ഉണ്ടാകാൻ വളരെയധികം കാരണങ്ങളുണ്ട്. ഒന്നാമത്തേത് മാതാപിതാക്കളുടെ സ്വാധീനമാണ്. മാതാപിതാക്കൾ മോശമായ മാതൃക കാണിക്കുന്നത് കണ്ടുപഠിക്കുന്ന കുട്ടികൾ അത്തരം സ്വഭാവങ്ങൾ ന്യായീകരിക്കുകയും സ്വന്തമാക്കുകയും ചെയ്യുന്നു. ഇതുകൂടാതെ സ്വന്തം ജീവിതാനുഭവങ്ങളും അവരെ സ്വാധീനിക്കുന്നു. ചെറുപ്പകാലങ്ങളിലെ ലൈംഗികാനുഭവം സന്തോഷദായകമാകുകയാൽ അത്തരം സന്തോഷങ്ങൾ വീണ്ടും ആവർത്തിക്കുവാൻ അവർ എപ്പോഴും പ്രചോദിതരാകുന്നു. അതുകൂടാതെ മുതിർന്നവർ ഇത്തരം കാര്യങ്ങൾ കാണുമ്പോൾ അത് വലിയ തെറ്റാണെന്ന് പറയാതിരിക്കുന്നതും അത്തരം ചെയ്തികൾ ചെയ്യുന്നതും തങ്ങൾ ചെയ്തത് നല്ല കാര്യംതന്നെയാണെന്ന ബോധ്യം അവരിൽ ഉറപ്പിക്കുന്നു. കൂടാതെ ചെറുപ്പത്തിൽ കഠിനമായ അവഗണനയും പീഡനവും ലഭിച്ചവർ തങ്ങളോടും മറ്റുള്ളവരോടുമുള്ള വിരോധത്തിന്റെ ഫലമായി മറ്റുള്ളവരേയും തന്നെത്തന്നെയും നശിപ്പിക്കാനും ഇത്തരം പ്രവൃത്തികൾ ചെയ്യും. ഇങ്ങനെയുള്ളവർ ചില പ്രത്യേക പെരുമാറ്റ രീതികളും വിശ്വാസ സംഹിതകളും വച്ചുപുലർത്തും. അത്തരം ആവർത്തിത പെരുമാറ്റ രീതികൾ പൂർണ്ണമായും ശരിയാണെന്നവർ വിശ്വസിക്കും. അതുകൊണ്ട് അതിൽ അധിഷ്ഠിതമായ ഒരു ഈഗോയുടെ ചട്ടക്കൂടുണ്ടാക്കി ഇതാണ് ഞാനെന്ന് ബോധ്യത്തിൽ അതിനനുസരിച്ചുള്ള ജീവിതചര്യ സൃഷ്ടിച്ചുജീവിക്കുന്നു. ഇതിനെതിരായുള്ളതിനെയൊന്നും പരിഗണിക്കാൻ പോലും തയ്യാറായി എന്നുവരില്ല. ഈ ചട്ടക്കൂട് വ്യാജമാണെന്ന് തിരിച്ചറിഞ്ഞാലേ ആ വ്യക്തിക്ക് മോചനം ലഭിക്കുകയുള്ളൂ. താൻ അതിനൊക്കെ അപ്പുറം കഴിവുള്ളവനാണെന്നും തെറ്റായ ധാരണകളാണ് ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നതെന്നും ഉള്ള തിരിച്ചറിവിനാണ് ഉണർവ്വ് എന്നുപറയുന്നത്. ഇതിന് സൈക്കോ തെറാപ്പിയോ ആദ്ധ്യാത്മിക രീതിയായ ഇൻ വൊക്കേഷനോ ഉപയോഗിക്കാം. ഈ തിരിച്ചറിവ് വന്നുകഴിയുമ്പോൾ മാത്രമേ സ്വയം തിരിച്ചറിഞ്ഞ് നന്നാകാൻ കഴിയുകയുള്ളൂ.

# സുപ്രീംകോടതി വിധി കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധതയ്ക്കുള്ള താക്കീത്: ഇൻഫാം

കൊച്ചി: കാർഷികമേഖലയും കർഷകനും ഗുരുതരപ്രതിസന്ധിയിലാണെന്നും നഷ്ടപരിഹാരമല്ല കർഷക ആത്മഹത്യക്കുള്ള പ്രതിവിധിയാണ് വേണ്ടതെന്നുമുള്ള സുപ്രീംകോടതി നിരീക്ഷണം കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ സമീപനത്തിനുള്ള താക്കീതാണെന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

ഉല്പാദനച്ചെലവും അതിന്റെ 50 ശതമാനവും കണക്കാക്കി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം കേന്ദ്രം കാറ്റിൽ പറത്തി. 5 വർഷത്തിനുള്ളിൽ കർഷകന്റെ വരുമാനം ഇരട്ടിയാക്കുമെന്ന കഴിഞ്ഞ രണ്ടുബജറ്റുകളിലും നടത്തിയ പ്രഖ്യാപനം ഇതിനോടകം പാളിപ്പോയി. ചരിത്രത്തിലെ ഏറ്റവും വലിയ വിലത്തകർച്ചയിലും കടക്കെണിയിലും സാമ്പത്തിക പ്രതിസന്ധിയിലും കർഷക ആത്മഹത്യയുടെ എണ്ണം കുതിച്ചുയർന്നിട്ടും സർക്കാരിന്റെ കണ്ണുതുറക്കാത്തത് കർഷകരോടുള്ള ക്രൂരതയാണ്. അധികാരത്തിലേറി 3 വർഷക്കാലം കഴിഞ്ഞിട്ടും കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കാത്തവർ ഒരു വർഷത്തിനുള്ളിൽ എല്ലാം പരിഹരിക്കുമെന്ന് സുപ്രീംകോടതിയിൽ ഉറപ്പുനൽകിയിരിക്കുന്നത് വിരോധാഭാസമാണ്.

130 കോടി ജനങ്ങളിൽ 12 കോടി കർഷകരാണ് ഇന്ത്യയിലുള്ളതെന്ന സർക്കാർവാദം തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഇതിൽ 5.34 കോടി കർഷകർ ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു കോടതിയിൽ പറഞ്ഞതിന്റെ അടിസ്ഥാനം വ്യക്തമല്ല. വിളഇൻഷ്വറൻസ് വഴി സ്വകാര്യ കമ്പനികളിലൂടെ കേന്ദ്രസർക്കാരിനു ലഭിച്ച 13,500 കോടി കർഷകർക്കു ലഭ്യമാക്കണം.

ചുരുങ്ങിയ കാലങ്ങളിൽ 3000 ലേറെ കർഷകർ ആത്മഹത്യചെയ്തിരിക്കുമ്പോൾ കടലാസുകളിലൊതുങ്ങുന്ന കർഷകപദ്ധതികളിലൂടെ നീതിപീഠങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ച് സംഭരണത്തിന് സാഹചര്യമൊരുക്കുകയും കടക്കെണിയിൽനിന്നും വിലത്തകർച്ചയിൽനിന്നും കർഷകനെ സംരക്ഷിക്കുകയാണ് സർക്കാർ ചെയ്യേണ്ടതെന്നും വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

# പിതൃസ്വത്തിൽ വൈദികർക്കും കന്യാസ്ത്രീകൾക്കും അവകാശമുണ്ടെന്ന് കോടതി

പാരമ്പര്യമായി കിട്ടുന്ന പിതൃസ്വത്തിൽ ക്രിസ്തീയ പുരോഹിതർക്കും കന്യാസ്ത്രീകൾക്കും അവകാശമുണ്ടെന്ന് ഹൈക്കോടതി. ദാരിദ്ര്യം വ്രതമായി സ്വീകരിച്ച് സന്യസിക്കുന്നവർക്ക് സ്വത്തിന് അവകാശമില്ലാതാകുമെന്ന വാദം അംഗീകരിക്കാനാവില്ലെന്ന് ഡിവിഷൻ ബഞ്ച് വ്യക്തമാക്കി.

കൊച്ചിയിലെ മോൺസിഞ്ഞോർ സേവ്യർ ചുള്ളിക്കലിന് മാതാപിതാക്കളുടെ വിൽപ്പത്രപ്രകാരം ലഭിച്ച ഭൂമിയുടെ അവകാശം ഇന്ത്യൻ പിന്തുടർച്ചാവകാശം മുൻനിർത്തി ശരിവെച്ചുകൊണ്ടാണിത്. മാതാപിതാക്കൾ വിൽപത്രം എഴുതുംമുമ്പ് പൗരോഹിത്യം സ്വീകരിച്ച വ്യക്തിക്ക് പിതൃസ്വത്തിൽ അവകാശമില്ലെന്നായിരുന്നു വാദിഭാഗത്തിന്റെ നിലപാട്.

വൈദികന് സ്വത്തിൽ അവകാശത്തിനർഹതയില്ലെന്ന കൊച്ചി പ്രിൻസിപ്പൽ സബ്കോടതിയുടെ വിധി അംഗീകരിക്കാനാവില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി. സഭയ്ക്കകത്തെ തത്വങ്ങളും വ്യവസ്ഥകളും ഉൾപ്പെടുന്നതാണ് കാനോനികനിയമം. അത് സിവിൽ നിയമത്തിൽ നിന്ന് വ്യത്യസ്തമാണ്. വ്യക്തികളുടെ നിയമപരമായ അവകാശങ്ങൾ കാനോനിക നിയമപ്രകാരം വ്യാഖ്യാനിക്കാനാവില്ല. പ്രസ്തുത നിയമം സഭയ്ക്കകത്തുമാത്രമാണ് ബാധകം.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## 75 സാമൂഹ്യസമ്പർക്കങ്ങളെ സംബന്ധിക്കുന്ന ഡിക്രി

**സാമൂഹികവ്യവസ്ഥിതിയിലെ വ്യതിയാനങ്ങൾ–**പിതൃകേന്ദ്രീകൃത കുടുംബങ്ങൾ, ഗോത്രങ്ങൾ, വർഗ്ഗങ്ങൾ, ഗ്രാമങ്ങൾ, വിവിധ സംഘടനകൾ, സാമൂഹ്യസമ്പർക്കങ്ങളിൽ നിന്നും ഉടലെടുക്കുന്ന വിവിധ സംഘങ്ങൾ എന്നിങ്ങനെയുള്ള പരമ്പരാഗതമായ പ്രാദേശികസമൂഹങ്ങൾ മുൻപറഞ്ഞ സാഹചര്യങ്ങൾമൂലം അനുദിനം കൂടുതൽ സമഗ്രമായ പരിവർത്തനങ്ങൾക്കു വിധേയമാണ്.

വ്യാവസായിക ഭാവത്തോടുകൂടിയ സമൂഹം ചില രാഷ്ട്രങ്ങളെ സമ്പദ്സമൃദ്ധിയിലേക്ക് ആനയിച്ചുകൊണ്ടും ശതാബ്ദങ്ങളായി സ്ഥാപിതമായ സാമൂഹിക വ്യവസ്ഥിതികളും ആശയങ്ങളും പരിവർത്തനം ചെയ്തുകൊണ്ടും ക്രമാനുഗതം പടർന്നുവരികയാണ്. നഗരജീവിതരീതിയും അതിനുള്ള പ്രവണതകളും ഇന്ന് വളരെ വർദ്ധിച്ചിട്ടുണ്ട്. നഗരങ്ങളുടെയും നഗരവാസികളുടെയും വർദ്ധനയോ ഗ്രാമീണ ജീവിതത്തിലേയ്ക്ക് നാഗരികജീവിതത്തെ ഉൾപ്രവേശിപ്പിക്കുന്ന പദ്ധതികളോ ആണ് ഇതിനു കാരണം.

നവീനവും കൂടുതൽ കാര്യക്ഷമവുമായ ആശയവിനിമയ മാർഗ്ഗങ്ങൾ സംഭവവികാസങ്ങളെ അറിയാൻ നൽകുന്ന സംഭാവനകൾ കുറച്ചൊന്നുമല്ല. അനുബന്ധിതമായ നിരവധി പ്രതികരണങ്ങളെ സൃഷ്ടിച്ചുകൊണ്ട് അവ വിചാരവികാരഭാവങ്ങൾക്ക് അതിവിപുലവും അതിശീഘ്രവുമായ പ്രചാരവും പ്രസിദ്ധിയുമാണ് കൈവരുത്തുന്നത്.

പല കാരണങ്ങളാൽ എത്രയോ ആളുകളാണ് കുടിയേറുവാൻ നിർബന്ധിതരായിത്തീരുന്നത്. അതുമൂലം തങ്ങളുടെ ജീവിതരീതിതന്നെ സാരമായി അവർ വ്യത്യാസപ്പെടുത്തുന്നുണ്ട്. ഇവയെല്ലാം പലതുകൊണ്ടും ശ്രദ്ധാർഹമായ കാര്യങ്ങളാണ്.

അങ്ങനെ മനുഷ്യന് അവന്റെ സഹജീവിയോടുള്ള ബന്ധം നിരന്തരം മുറുകിവരുന്നു. അതേസമയം സാമൂഹ്യവത്കരണം കൂടുതൽ ബന്ധങ്ങളാണ് മനുഷ്യന്റെ മുമ്പിൽ കൊണ്ടുവരുന്നത്. ഇതൊക്കെയായിട്ടും വ്യക്തിപൂർണ്ണതയും യഥാർത്ഥ വ്യക്തിബന്ധവും അഭിവൃദ്ധിപ്പെടുന്നതായി കാണുന്നില്ല. പുരോഗതിക്കായി അവിശ്രമം പണിയെടുക്കുകയും വ്യവസായവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും നേട്ടങ്ങൾ തങ്ങളുടെ



സമൂഹങ്ങൾക്കു സ്വന്തമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ജനങ്ങളിലും ഇത് ദൃശ്യമാണ്.

ഇത്തരം പരിണാമങ്ങൾ കൂടുതൽ തെളിവായി കാണപ്പെടുന്നത് സാമ്പത്തികവും സാങ്കേതികവുമായ അഭിവൃദ്ധിമൂലമുള്ള സുഖസൗകര്യങ്ങൾ ആസ്വദിക്കുന്ന രാഷ്ട്രങ്ങളിലാണ്. ഈ ജനങ്ങൾ വിശിഷ്യാ പഴയ പാരമ്പര്യങ്ങളോട് ഇണങ്ങിച്ചേർന്നവർ ഒരു പരിവർത്തനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നു. കൂടുതൽ പരിപക്വവും വ്യക്തിഗതവുമായ സ്വാതന്ത്ര്യത്തിലേയ്ക്കാണ് അവർ നീങ്ങിക്കൊണ്ടിരിക്കുന്നത്.

**മാനസികവും സാന്മാർഗികവും മതാത്മകവുമായ പരിവർത്തനങ്ങൾ–**ജീവിതത്തിന്റെ കാഴ്ചപ്പാടുകളിലും മാനുഷിത വ്യവസ്ഥിതികളിലുമുണ്ടാകുന്ന മാറ്റം അംഗീകൃതമൂല്യങ്ങളെതന്നെ പലപ്പോഴും ചോദ്യംചെയ്യുക പതിവാണ്. സാധാരണ ക്ഷമയറ്റുപോവുകയും അസ്വസ്ഥതകളിൽ പ്രക്ഷുബ്ധരാകുകയും ചെയ്യുന്ന യുവജനങ്ങളെ സംബന്ധിച്ച് ഇത് പ്രത്യേകം അന്വർത്ഥമാണ്. സാമൂഹിക ജീവിതത്തിൽ തങ്ങൾക്കുള്ള സ്വാധീനത്തെക്കുറിച്ച് ബോധവാന്മാരായ അവർ എത്രയുംവേഗം സമൂഹത്തിൽ ഒരു സ്ഥാനം നേടിയെടുക്കുവാൻ ആഗ്രഹിക്കുന്നു. തത്ഫലമായി തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നതിൽ മാതാപിതാക്കൾക്കും വിദ്യാപ്രവർത്തകർക്കും ഒട്ടധികം ബുദ്ധിമുട്ടുകൾ അനുദിനമെന്ന വണ്ണം തുടരെത്തുടരെ അനുഭവപ്പെടുകയാണ്.

വ്യവസ്ഥിതികളും നിയമങ്ങളും മുൻതലമുറ കൈമാറിയ വിചാരവികാരഭാവങ്ങളും സമകാലീന പരിതഃസ്ഥിതികളോട് എപ്പോഴും പൊരുത്തപ്പെട്ടുപോകുന്നതായി കാണുന്നില്ല. തന്മൂലം പെരുമാറ്റരീതിയിലും അതിന്റെ മാനദണ്ഡങ്ങളിൽപോലും ഉഗ്രമായ പ്രക്ഷുബ്ധത ഉയിരെടുക്കുന്നു.

ഈ പുതിയ വ്യവസ്ഥിതികൾ മതത്തിന്റെമേലും ആഞ്ഞടിക്കുന്നുണ്ട്. ലോകത്തെക്കുറിച്ചുള്ള മാന്ത്രിക വീക്ഷണത്തിൽ നിന്നും ഇപ്പോഴും വട്ടമിട്ടുകൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളിൽ നിന്നും മതത്തെ തിരിച്ചറിയാനുള്ള വിമർശനാത്മകമായൊരു കഴിവു മതത്തെത്തന്നെ സംശുദ്ധമാക്കുകയും വിശ്വാസത്തോട് അനുദിനം കൂടുതൽ വ്യക്തിപരവും കർമ്മനിരതവുമായ അടുപ്പം നിഷ്കർഷിക്കുകയും ചെയ്യുന്നു. ഇതുമൂലം ദൈവത്തെക്കുറിച്ചുള്ള തെളിവാർന്നബോധം അനേകംപേർ സമ്പാദിക്കുന്നുണ്ട്. ഒരുവശത്ത് ഇപ്രകാരമെങ്കിൽ മറുവശത്ത് മതത്തെ പ്രായോഗിക ജീവിതത്തിൽ നിന്നും പുറന്തള്ളുന്നവരുടെ സംഖ്യ കൂടിവരികയാണ്. മുൻകാലങ്ങളിലേതിനു വിരുദ്ധമായി. ദൈവത്തെയോ മതത്തെയോ നിഷേധിക്കുക അഥവാ പരിവർജിക്കുക ഇനി ഒരിക്കലും അസാധാരണമോ ഒറ്റപ്പെട്ടതോ ആയ കാര്യമല്ല.

(തുടരും)

# LAITY VOICE



*മാർത്തോമ്മാ തീർത്ഥാടനകേന്ദ്രമായ നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ ചേർന്ന സെന്റ് തോമസ് ദിനാചരണവും അനുസ്മരണ സമ്മേളനവും പുനലൂർ ബിഷപ് മോസ്റ്റ് റവ.സിൽവസ്റ്റർ പൊന്നുമുത്തൻ ഉദ്ഘാടനം ചെയ്യുന്നു. ലിജു ജോർജ്, ഫാ.ജോൺ തുണ്ടിയത്ത്, ഫാ.ഫിലിപ്പോസ് നടമല, ഫാ.ജോർജ് ആലുങ്കൽ, ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഫാ. ജെസ്മോൻ എന്നിവർ സമീപം.*

# നിലയ്ക്കൽ തീർത്ഥാടന കേന്ദ്രം ക്രൈസ്തവ സാഹോദര്യത്തിന്റെ മകുടോദാഹരണം:

## ബിഷപ് സിൽവസ്റ്റർ പൊന്നുമുത്തൻ

നിലയ്ക്കൽ: ഇന്ത്യയിലെ ക്രൈസ്തവ സമൂഹങ്ങളുടെ സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും ശക്തിസ്രോതസും മകുടോദാഹരണവുമാണ് നിലയ്ക്കൽ തീർത്ഥാടനകേന്ദ്രമെന്ന് പുനലൂർ ബിഷപ് മോസ്റ്റ് റവ. സിൽവസ്റ്റർ പൊന്നുമുത്തൻ പറഞ്ഞു. വിവിധ ക്രൈസ്തവ അപ്പസ്തോലിക സഭകളുടെ പൊതുവേദിയായ നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ മാർത്തോമ്മാ തീർത്ഥാടനകേന്ദ്രത്തിൽ നടന്ന സെന്റ് തോമസ് ദിനാചരണവും മാർത്തോമ്മാ അനുസ്മരണ സമ്മേളനവും ഉദ്ഘാടനം ചെയ്തുസംസാരിക്കുകയാരിരുന്നു ബിഷപ് മോസ്റ്റ് റവ. സിൽവസ്റ്റർ പൊന്നുമുത്തൻ.

ക്രിസ്തുശിഷ്യനും ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനുമായ മാർത്തോമ്മാ ശ്ലീഹായിലൂടെ പങ്കുവയ്ക്കപ്പെട്ട സഭാചൈതന്യം അനേകായിരങ്ങൾക്ക് വെളിച്ചംവിതറി വഴികാട്ടുന്നു. സഭാപിതാവിന്റെ സ്മരണകളുയരുമ്പോൾ ദൈവസ്നേഹത്തിൽ ആഴപ്പെടുവാനും മറ്റുള്ളവർക്ക് കൂടുതൽ നന്മകൾ വർഷിക്കുവാനും നമുക്കാകണം. ക്രൈസ്തവ മക്കളെ കൂട്ടിച്ചേർക്കുന്ന സഭയുടെ പൊതുസമ്പത്തായ നിലയ്ക്കൽ കേന്ദ്രം ഈ കാലഘട്ടത്തിന്റെ അനിവാര്യഘടകമാണെന്ന് ബിഷപ് സിൽവസ്റ്റർ അഭിപ്രായപ്പെട്ടു.

മാർത്തോമ്മാ അനുസ്മരണ സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ വികാരിജനറാൾ ഫാ.ജോർജ് ആലുങ്കൽ അധ്യക്ഷത വഹിച്ചു. ഫാ.ജോൺ തുണ്ടിയത്ത്, ഫാ.ഫിലിപ്പോസ് നടമല, ഫാ.ജെസ്മോൻ, ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ലിജു ജോർജ് എന്നിവർ സംസാരിച്ചു. ബിഷപ് സിൽവസ്റ്റർ പൊന്നുമുത്തന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹബലിയോടെയാണ് മാർത്തോമ്മാ ദിനാചരണത്തിന് തുടക്കം കുറിച്ചത്. ആഘോഷത്തോടനുബന്ധിച്ച് നേർച്ചക്കഞ്ഞിയും വിളമ്പി. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള തീർത്ഥാടകർ പങ്കുചേർന്നു.

രണ്ടുദിവസമായി നിലയ്ക്കൽ മാർത്തോമ്മാ എക്യുമെനിക്കൽ കേന്ദ്രം സന്ദർശിക്കുവാൻ വിദൂരസ്ഥലങ്ങളിൽ നിന്ന് തീർത്ഥാടകർ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നത് വരും ദിവസങ്ങളിലും തുടരുമെന്നും തീർത്ഥാടകർക്ക് എല്ലാവിധ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ടെന്നും നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടം അറിയിച്ചു.

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: 9562017841